ഡെപ്യൂട്ടി കമാൻഡാന്റിന്റെ ഒഴിവുകൾ

74 (3264) ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് പോലീസ് ബറ്റാലിയനിൽ ഇപ്പോൾ ഡെപ്യൂട്ടി കമൻഡാന്റിന്റെ മൂന്ന് ഒഴിവുകൾ ഉള്ളതായി വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഒഴിവുകൾ എന്നുമുതൽ ഉണ്ടായതാണെന്ന് വ്യക്തമാക്കാമോ ;

(സി) എന്തുകൊണ്ടാണ് ഈ ഒഴിവുകൾ നികത്താത്തതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രൊമോഷൻ നടത്തി ഈ ഒഴിവുകൾ നികത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 25-8-1995-ലും, 29-10-1998-ലും, 1-6-1998-ലും.

(സി & ഡി) ഡി. പി. സി. ലിസ്റ്റിന്റെ അഭാവത്തിലാണ് ഒഴിവുകൾ നികത്തുവാൻ കാലതാമസം വന്നിട്ടുള്ളത്. ഡി.പി.സി കൂടി ലിസ്റ്റ് തയ്യാറാക്കി ഒഴിവുകൾ നികത്തുവാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് കസ്റ്റഡിയിലെടുത്ത മാരുതികാർ പോലീസ് ഉദ്യോഗസ്ഥന്മാർ സ്വന്തമാക്കാൻ ശ്രമിച്ച സംഭവം

75 (3265) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ മലപ്പുറം ജില്ലയിൽ പോലീസ് കസ്റ്റഡിയിൽ എടുത്ത മാരുതികാർ പോലീസ് ഉദ്യോഗസ്ഥന്മാർ തന്നെ സ്വന്തമാക്കാൻ ശ്രമിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൽ പ്രതികളായ പോലീസുദ്യോഗസ്ഥന്മാർ ആരെല്ലാമാണ് ;

(സി) എവിടെനിന്നാണ് കാർ കസ്റ്റഡിയിലെടുത്തത്, കാറിന്റെ നമ്പർ വ്യക്തമാക്കാമോ ;

(ഡി) ഈ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ കേസെടുത്തിട്ടുണ്ടോ ;

(ഇ) ഇവരെ മാതൃകാപരമായി ശിക്ഷിക്കുവാൻ എന്തെങ്കിലും നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly